41 (482) **പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ**

<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു; ഇവയിൽ സർക്കാർ മേഖലയിൽ എത്ര എണ്ണം പ്രവർത്തിക്കുന്നു;

(ബി) ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന ഗവൺമെന്റ് അംഗീകൃത പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എവിടെയെല്ലാമാണെന്ന് വിശദമാക്കുന്ന അഡ്രസ്സ് ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇവിടെനിന്നെല്ലാമായി ഓരോ വർഷവും എത്രപേർ വീതം ട്രെയിനിംഗ് പാസ്സായി പുറത്തുവരുന്നു;

(ഡി) ഇവർക്ക് ജോലി ലഭ്യത ഉറപ്പുവരുത്തുവാൻ സർക്കാർ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഇപ്പോൾ 35 അംഗീകൃത പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു. അതിൽ 3 എണ്ണം സർക്കാർമേഖലയിലാണ്.

(ബി) <u>തിരുവനന്തപുരം</u>

1. ഗവ. പി.പി.ടി.ടി.ഐ. കോട്ടൺഹിൽ, തിരുവനന്തപുരം.
2. തുഞ്ചൻ സ്മാരകം പി.പി.ടി.ടി.ഐ., ഐരാണിമുട്ടം.
3. എക്യുമെനിക്കൽ പി.പി.ടി.ടി.ഐ., വട്ടപ്പാറ
4. കോർഡോവ പി.പി.ടി.ടി.ഐ., പൂന്തുറ.
5. കസ്തൂർബാ ശിശുലക്ഷ്മി പി.പി.ടി.ടി.ഐ., വർക്കല.
6. കമ്മ്യൂണിറ്റി വെൽഫെയർ സെന്റർ പി.പി.ടി.ടി.ഐ., കമലേശ്വരം, തിരുവനന്തപുരം.

<u>കൊല്ലം</u>

1. ചന്ദനത്തോപ്പ് പി.പി.ടി.ടി.ഐ., കൊല്ലം.
2. ഗുഡ്‌വിൽ പി.പി.ടി.ടി.ഐ., മുള്ളുവിള.
3. ദീപം പി.പി.ടി.ടി.ഐ., കെ.എസ്.പുരം, കരുനാഗപ്പള്ളി.
4. കസ്തൂർബാ ഗാന്ധി സ്മാരകം പി.പി.ടി.ടി.ഐ., തേവള്ളി.
5. സെന്റ് സേവിയേഴ്സ് പി.പി.ടി.ടി.ഐ. കാക്കോട്ടുമൂല.
6. ഹായ്സ് പി.പി.ടി.ടി.ഐ., അഞ്ചൽ.
7. മലങ്കര പി.പി.ടി.ടി.ഐ., കൊട്ടാരക്കര.

<u>ആലപ്പുഴ</u>

1. ഗവൺമെന്റ് പി.പി.ടി.ടി.ഐ., ആലപ്പുഴ.
2. ശ്രീനാരായണ പി.പി.ടി.ടി.ഐ., ഭരണിക്കാവ്, കായംകുളം.

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട

1. വിശ്വഭാരതി പി.പി.ടി.ടി.ഐ., അടൂർ, പത്തനംതിട്ട.
2. എസ്.എൻ.പി.പി.ടി.ടി.ഐ., കോന്നി.
3. ബി.എസ്.എസ്. ശിശുലക്ഷ്മി പി.പി.ടി.ടി.ഐ., തിരുവല്ല.
4. മാർത്തോമ നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ, തിരുവല്ല.

കോട്ടയം

1. ബേക്കൽ മെമ്മോറിയൽ പി.പി.ടി.ടി.ഐ., കോട്ടയം.
2. എസ്.എച്ച്. പി.പി.ടി.ടി.ഐ. പാലാ.

എറണാകുളം

1. ബാപ്പുജി പി.പി.ടി.ടി.ഐ., കൂത്താട്ടുകുളം.
2. സോഫിയ പി.പി.ടി.ടി.ഐ., പെരുമ്പാവൂർ, കോതമംഗലം.
3. കെ.എം.ഇ.എ. പി.പി.ടി.ടി.ഐ., എറണാകുളം
4. സ്മിത പി.പി.ടി.ടി.ഐ., പെരുമ്പാവൂർ.

ഇടുക്കി

ഇല്ല.

തൃശ്ശൂർ

1. സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ പി.പി.ടി.ടി.ഐ., തൃശ്ശൂർ.

പാലക്കാട്

1. പി.പി.ടി.ടി.ഐ. നെൻമാറ, പാലക്കാട്.

മലപ്പുറം

1. ഗ്രാന്റ് സ്ലാം പി.പി.ടി.ടി.ഐ., തിരൂർ.
2. ജാമിയ സലാഫിയ പി.പി.ടി.ടി.ഐ., പുളിക്കൽ, കൊണ്ടോട്ടി.
3. ഐഡിയർ പി.പി.ടി.ടി.ഐ., രണ്ടത്താണി.
4. റഹ്മാനിയ പി.പി.ടി.ടി.ഐ., പയ്യോളി.

കോഴിക്കോട്

1. ഗവൺമെന്റ് പി.പി.ടി.ടി.ഐ. കോഴിക്കോട്.
2. ഗുഡ്ഹോപ്പ് പി.പി.ടി.ടി.ഐ., മുക്കം.
3. അർ ഇസ്ലാം ചാരിറ്റബിൾ ട്രസ്റ്റ് പി.പി.ടി.ടി.ഐ., ദയാപുരം.

വയനാട്

ഇല്ല

കണ്ണൂർ

1. മദർ തെരേസ പി.പി.ടി.ടി.ഐ., പാനൂർ

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ്

ഇല്ല.

(സി) 1998-99 അദ്ധ്യയന വർഷത്തിൽ 700 പേർ പാസ്സായിട്ടുണ്ട്.

(ഡി) മിക്കവാറും എല്ലാ സർക്കാർ സ്കൂളുകളോടനുബന്ധിച്ചും പി.ടി.എ. നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളുണ്ട്. ഇതു കൂടാതെ സ്ഥലസൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ പ്രീ-പ്രൈമറി ക്ലാസ്സ് നടത്തുന്നതിന് രജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ജില്ലാ സ്കൗട്ട് അസോസിയേഷനുകൾ എന്നിവർക്ക് അനുവാദം കൊടുത്തിട്ടുണ്ട്. ഇതു കൂടാതെ സർക്കാർ നേരിട്ടു നടത്തുന്ന അൻപത്തിയഞ്ച് മോഡൽ പ്രീ-പ്രൈമറി സ്കൂളുകളും ഉണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാം ജോലി ലഭിക്കാനുള്ള സാദ്ധ്യത ഉണ്ട്.

42 (483) ചേറൂർ ജി.എം.എൽ.പി. സ്കൂളിൽ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ചേറൂർ ജി.എം.എൽ.പി. സ്കൂളിൽ അധ്യാപകനായിരുന്ന ശ്രീ. സി.ഡി. സുരേഷ് കുമാറിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തതെന്നാണ്;

(ബി) ഇദ്ദേഹത്തിന്റെ പേരിലുള്ള കുറ്റാരോപണങ്ങൾ എന്തെല്ലാം;

(സി) ഇദ്ദേഹത്തിന് ഉപജീവന ബത്ത നൽകുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) തുടർച്ചയായി എത്രനാൾ ഒരു സർക്കാർ ഉദ്യോഗസ്ഥനെ സസ്പെൻഷനിൽ നിർത്താനാണ് നിലവിൽ നിയമമുള്ളത്;

(എഫ്) ശ്രീ. സുരേഷ് കുമാറിന്റെ കാര്യത്തിൽ പ്രസ്തുത നിയമം അനുസരിച്ചിട്ടുണ്ടോ;

(ജി) ശ്രീ. സുരേഷ് കുമാറിന് ഉപജീവന ബത്ത നൽകിയിട്ടുണ്ടെങ്കിൽ അത് എന്നുവരെ തുടർന്നു എന്നും ഇടയ്ക്ക് ഉപജീവനബത്ത നൽകുന്നത് നിർത്തിവച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. സി.ഡി. സുരേഷ് കുമാറിനെ അച്ചടക്ക നടപടിയുടെ ഭാഗമായി 12.9.94-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) 3469/94/പൊ.വി.പ്രകാരം 24.9.94-ന് സസ്പെന്റ് ചെയ്തു.

(ബി) വേങ്ങര വിദ്യാഭ്യാസ ഉപജില്ലയിലെ ഊരകം കീഴ്മുറി ജി.എൽ.പി.എസ്.ലെ സഹഅദ്ധ്യാപികയായ ശ്രീമതി സി.ഒ. അമ്മിണി നൽകിയ പരാതിയിൽ അവരുടെ ഭർത്താവായ ശ്രീ. സി.ഡി. സുരേഷ് കുമാർ ശ്രീമതി ഇന്ദിരാവതി എന്ന സ്ത്രീയെ 2.2.1987-ൽ രജിസ്റ്റർ വിവാഹം നടത്തി എന്നതാണ് കുറ്റാരോപണം.

(സി&ഡി) ഇദ്ദേഹത്തിന് 1994 മുതൽ 7/99 വരെ ഉപജീവന ബത്ത നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly